ജുമുഅ പ്രഭാഷണം " ഗുണകാംക്ഷ " (03/02/17)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

مَا سَلَكَكُمْ فِي سَقَرَ(٤٢)قَالُوا لَمْ نَكُ مِنَ الْمُصَلِّينَ(٤٣)وَلَمْ نَكُ نُطْعِمُ الْمِسْكِينَ(٤٤)وَكُنَّا نَخُوضُ مَعَ الْخَائِضِينَ(٤٥) ﴿المدثر﴾

നബി(സ)യുടെ ജീവിതത്തിലെ മഹത്തായ ഗുണങ്ങളെ കുറിച്ചാണ് പറഞ്ഞുവരുന്നത്. അതിന്റെ ഭാഗമായി അമാനത്തിന്റെ വിവിധ വശങ്ങൾ നാം വിവരിക്കുകയുണ്ടായി.

➤ നമുക്ക് രണ്ട് നിലക്കുള്ള ഉത്തരവാദിത്വങ്ങളുണ്ട്. ഒന്ന്: അല്ലാഹുവിനോട് കടമകൾ രണ്ട്: സൃഷ്ടികളോട്. ഒരു പക്ഷിയുടെ രണ്ട് ചിറകുകൾ പോലെയാണിവ. രണ്ടും യോഗ്യമല്ലെങ്കിൽ പറക്കാനാവില്ല. ഒരു ബൈക്കിന്റെ രണ്ട് ടയർ പോലെയും ഉദാഹരിക്കാം. ഒന്ന് പഞ്ചറായാൽ മറ്റൊന്ന് യോഗ്യമായാലും യാത്ര മുടങ്ങും.

➤ ഇതുപോലെയാണ് രണ്ട് തരം കടമകളും. രണ്ടും ഉണ്ടെങ്കിലേ സ്വർഗ്ഗയാത്ര പറ്റൂ. ഒന്ന് പഞ്ചറായാൽ സ്വർഗ്ഗയാത്ര മുടങ്ങും.

مَا سَلَكَكُمْ فِي سَقَرَ(٤٢)قَالُوا لَمْ نَكُ مِنَ الْمُصَلِّينَ(٤٣)وَلَمْ نَكُ نُطْعِمُ الْمِسْكِينَ(٤٤)وَكُنَّا نَخُوضُ مَعَ الْخَائِضِينَ(٤٥) ﴿المدثر﴾

(ഇവിടെ നരകപ്രവേശനത്തിന്റെ ഒരു കാരണം അല്ലാഹുവിനോടുള്ള ബാധ്യത തീർക്കാത്തത്. മറ്റൊന്ന് പടപ്പുകളോടുള്ള കടമകൾ തീർക്കാത്തത്)

➤ സൃഷ്ടികളോടുള്ള പ്രധാനമായ ഒരു കടമയാണ് ഗുണകാംക്ഷ പുലർത്തൽ. എന്താണീ ഗുണകാംക്ഷ. എല്ലാവർക്കും നല്ലത് വരണം എന്നാഗ്രഹിക്കൽ. (ഗുണം+കാംക്ഷ = ഗുണകാംക്ഷ)

➤ ഇത് നബി(സ) യുടെ ഏറ്റവും വലിയ ഗുണമായി ഖുർആൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

لَقَدْ جَاءَكُمْ رَسُولٌ مِنْ أَنْفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُمْ بِالْمُؤْمِنِينَ رَءُوفٌ رَحِيمٌ ﴿التوبة﴾

എല്ലാ നബിമാരിലും ഇത് കാണാം. (അഅ്റാഫ് 62, 79, 93)

➤ ദീൻ സ്വീകരിക്കാൻ വരുന്നവരോട് ഇക്കാര്യത്തിൽ നബി(സ) കരാർ വാങ്ങുമായിരുന്നു.

عَنْ زِيَادِ بْنِ عِلَاقَةَ قَالَ سَمِعْتُ جَرِيرَ بْنَ عَبْدِ اللَّهِ يَقُولُ فَإِنِّي أَتَيْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قُلْتُ أُبَايِعُكَ عَلَى الْإِسْلَامِ فَشَرَطَ عَلَيَّ وَالنُّصْحِ لِكُلِّ مُسْلِمٍ (بخاري)

ഇവിടെ മുസ്‌ലിം എന്ന് പ്രത്യേകം പറഞ്ഞത് സാധാരണ പെരുമാറുന്നവരെ പരാമർശിച്ചു എന്നേയുള്ളൂ. അമുസ്‌ലിംകളും ഉൾപ്പെടും.(ഫത്ഹുൽബാരി 1/169) മാനുഷീക കാര്യങ്ങളിൽ അവരോടു ഗുണകാംക്ഷ പുലർത്തണം. ഹിദായത്തിലും. ഉദാ: ത്വാഇഫിലെ കല്ലേറിന്റെ ചരിത്രം.( വിശദീകരിക്കുക) അപ്പോൾ നബി(സ) ആഗ്രഹിച്ചത് അവരുടെയും തലമുറയുടെയും ഹിദായത്തായിരുന്നു.

➢ മൃഗങ്ങളോടും പക്ഷികളോടും നാം ഗുണകാംക്ഷ പുലർത്തേണ്ടതാണ്.

من كانت له دجاجة ولم يحسن اليها لم يكن من المحسنين (تفسير روح البيان)

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ بَيْنَا رَجُلٌ يَمْشِي فَاشْتَدَّ عَلَيْهِ الْعَطَشُ فَنَزَلَ بِئْرًا فَشَرِبَ مِنْهَا ثُمَّ خَرَجَ فَإِذَا هُوَ بِكَلْبٍ يَلْهَثُ يَأْكُلُ الثَّرَى مِنْ الْعَطَشِ فَقَالَ لَقَدْ بَلَغَ هَذَا مِثْلُ الَّذِي بَلَغَ بِي فَمَلَأَ خُفَّهُ ثُمَّ أَمْسَكَهُ بِفِيهِ ثُمَّ رَقِيَ فَسَقَى الْكَلْبَ فَشَكَرَ اللَّهُ لَهُ فَغَفَرَ لَهُ قَالُوا يَا رَسُولَ اللَّهِ وَإِنَّ لَنَا فِي الْبَهَائِمِ أَجْرًا قَالَ فِي كُلِّ كَبِدٍ رَطْبَةٍ أَجْرٌ (بخاري)

പൂച്ചയെ കെട്ടിയിട്ട് കൊന്നവൾക്ക് നരകം

عنْ نَافِعٍ عَنْ عَبْدِ اللَّهِ أَنَّ رَسُولَ اللَّهِ (ص) قَالَ عُذِّبَتْ امْرَأَةٌ فِي هِرَّةٍ سَجَنَتْهَا حَتَّى مَاتَتْ فَدَخَلَتْ فِيهَا النَّارَ لَا هِيَ أَطْعَمَتْهَا وَسَقَتْهَا إِذْ حَبَسَتْهَا وَلَا هِيَ تَرَكَتْهَا تَأْكُلُ مِنْ خَشَاشِ الْأَرْضِ (مسلم)

മൃഗങ്ങളെ പട്ടിണിക്കിടുന്നതും അമിതമായി ജോലി ചെയ്യിക്കുന്നതും നബി (സ) നിരോധിച്ചു. ഒരിക്കൽ വയർ ഒട്ടിക്കിടക്കുന്ന മൃഗത്തെ കണ്ടപ്പോൾ നബി(സ) പറഞ്ഞു.

عَنْ سَهْلِ ابْنِ الْحَنْظَلِيَّةِ قَالَ مَرَّ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بِبَعِيرٍ قَدْ لَحِقَ ظَهْرُهُ بِبَطْنِهِ فَقَالَ اتَّقُوا اللَّهَ فِي هَذِهِ الْبَهَائِمِ الْمُعْجَمَةِ فَارْكَبُوهَا صَالِحَةً وَكُلُوهَا صَالِحَةً (ابوداود)

(ഈ മിണ്ടാപ്രാണികളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടണം) ഇന്ന് അവയോടുള്ള ക്രൂരതകൾക്ക് റബ്ബിനോട് സമാധാനം പറയേണ്ടിവരും ജെല്ലിക്കെട്ട്/ അറവുശാലയിലെ ക്രൂരതകൾ/കറവ മൃഗത്തിന്റെ കുഞ്ഞുങ്ങൾക്ക് പാല് നിഷേധം... ഇവ വിശദീകരിക്കുക.

➢ അപ്രകാരം ചെടികളോടും പ്രകൃതിയോടും ഗുണകാംക്ഷ പുലർത്തണം.

قال ﷺ "مَن نَصَبَ شَجرةً فَصبَرَ على حِفْظِها والقِيامِ عليها حتى تَثْمُرَ كان له في كل شيءٍ يُصابُ مِن ثَمَرِها صدقةٌ عند الله عز وجل"(أحمد)

(=ഒരാൾ ചെടി നനക്കുകയും അത് സംരക്ഷിക്കുകയും ചെയ്താൽ അതിൽ നിന്ന് ആഹരിക്കുന്ന അളവിൽ സ്വദഖയുടെ പ്രതിഫലം ലഭിക്കും.)

ഇവ പരലോകത്ത് പ്രതിഫലം ലഭിക്കുന്ന കാര്യമാണ്.

عَنْ أَنَسٍ، قَالَ: قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: سَبْعٌ يَجْرِي لِلْعَبْدِ أَجْرُهُنَّ مِنْ بَعْدِ مَوْتِهِ وَهُوَ فِي قَبْرِهِ: مَنْ عَلَّمَ عِلْمًا، أَوْ كَرَى نَهرًا، أَوْ حَفَرَ بِئْرًا، أَوْ غَرَسَ نَخْلًا، أَوْ بَنَى مَسْجِدًا، أَوْ وَرَّثَ مُصْحَفًا، أَوْ تَرَكَ وَلَدًا يَسْتَغْفِرُ لَهُ بَعْدَ مَوْتِهِ (بيهقي)

ഇങ്ങനെ മനുഷ്യനോടും പ്രകൃതിയോടും ഗുണകരമാംവിധം പെരുമാറേണ്ടവരാണ് മുസ്‌ലിംകൾ. ആകയാൽ നാം സമൂഹത്തിൽ എല്ലാ വിഭാഗം ജനങ്ങളോടും ഗുണകാംക്ഷയുള്ളവരാകുക. അത് പരലോകവിജയത്തിന് അനിവാര്യമാണ്.